## നടപടിത്തീർപ്പ്

ജീവനക്കാര്യം – ഭാരതീയ ചികിത്സ വകുപ്പ് – ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാരുടെ റേഷ്യോ പ്രൊമോഷൻ വഴിയുള്ള സ്ഥാനക്കയറ്റം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

നം.ഇ3/19757/2011. തിരുവനന്തപുരം, തീയതി: 16.01.2012

---

പരാമർശം:- ജി.ഒ(പി) നമ്പർ 85/2011/ഫിൻ തീയതി 26.02.2011.

......

മേൽ പരാമർശ ഗവണ്മെന്റ് ഉത്തരവ് പ്രകാരം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, യു.ഡി ടൈപ്പിസ്റ്റ്, എൽ.ഡി ടൈപ്പിസ്റ്റ് എന്നിവരുടെ അനുപാതം 1:1:1 ആയി നിജപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ വകുപ്പിൽ ആകെ 22 ടൈപ്പിസ്റ്റുമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഗവണ്മെന്റ് ഉത്തരവു പ്രകാരം നിജപ്പെടുത്തിയിരിക്കുന്ന അനുപാതം അനുസരിച്ച് മേൽ ടൈപ്പിസ്റ്റ് തസ്തികകളിൽ 7 (ഏഴ്) സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരും, 7 (ഏഴ്) യു.ഡി ടൈപ്പിസ്റ്റുമാരും, 8 (എട്ട്) എൽ.ഡി ടൈപ്പിസ്റ്റുമാരുമാണ് വേണ്ടത്.

31.03.2011-ൽ ഒരു സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റും, രണ്ട് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റും, ഒരു യു.ഡി ടൈപ്പിസ്റ്റും വിരമിക്കുകയുണ്ടായിട്ടുണ്ട്. ടി വിരമിക്കലിനു ശേഷം 01.04.2011 മുതൽ നിലവിലുള്ള ടൈപ്പിസ്റ്റുമാരിൽ രണ്ട് സെലക്ഷൻ ഗ്രേഡും, എട്ട് യു.ഡി ടൈപ്പിസ്റ്റുമാരും, 12 എൽ.ഡി ടൈപ്പിസ്റ്റുമാരുമാണുള്ളത്. ഗവണ്മെന്റ് ഉത്തരവായിട്ടുള്ള റേഷ്യോ നിലനിർത്തുന്നതിന് ഇപ്പോൾ ഉള്ള യു.ഡി ടൈപ്പിസ്റ്റുമാരിൽ സീനിയർ ആയിട്ടുള്ള 5 പേർക്ക് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായും, എൽ.ഡി ടൈപ്പിസ്റ്റുമാരിൽ സീനിയറായിട്ടുള്ള 3 പേർക്ക് യു.ഡി ടൈപ്പിസ്റ്റായും റേഷ്യോ പ്രൊമോഷൻ നൽകി സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, യു.ഡി ടൈപ്പിസ്റ്റ്, എൽ.ഡി ടൈപ്പിസ്റ്റ് എന്നിവരുടെ അനുപാതം (1:1:1) നിലനിർത്തേണ്ടതായിട്ടുണ്ട്. ആയതിലേക്ക് താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

ടൈപ്പിസ്റ്റുമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ നിലവിലുള്ള യു.ഡി ടൈപ്പിസ്റ്റുമാരിൽ ഏറ്റവും സീനിയറായിട്ടുള്ള (1)ശ്രീമതി.എൻ.ലളിത (ഡി.എം.ഒ, ഐ.എസ്.എം, കോഴിക്കോട്), (2)ശ്രീമതി.പി.എസ്.ഉഷാകുമാരി (ഡി.എം.ഒ, ഐ.എസ്.എം, തിരുവനന്തപുരം), (3)ശ്രീമതി.എസ്.കാന്തി (ഡി.എം.ഒ, ഐ.എസ്.എം, എറണാകുളം), (4)ശ്രീമതി.എസ്.ഉഷാകുമാരി (ഡി.എം.ഒ, ഐ.എസ്.എം, പത്തനംതിട്ട), (5)ശ്രീമതി.സി.റ്റി.ഭാരതി (ഡി.എം.ഒ, ഐ.എസ്.എം, മലപ്പുറം) എന്നിവർക്ക് കെ.എസ്. & എസ്.എസ്.ആർ റൂൾ 28 പ്രകാരം 14620-25280 എന്ന ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി റേഷ്യോ പ്രൊമോഷൻ നൽകി ടി ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ യു.ഡി ടൈപ്പിസ്റ്റ് തസ്തിക സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയാക്കി അപ്ഗ്രേഡ് ചെയ്ത് ടി സ്ഥാപനങ്ങളിൽ തന്നെ തുടരുവാൻ അനുവദിച്ച് ഉത്തരവാകുന്നു.

ഗ്രഡേഷൻ ലിസ്റ്റുപ്രകാരം എൽ.ഡി ടൈപ്പിസ്റ്റുമാരിൽ ഏറ്റവും സീനിയറായിട്ടുള്ള (1) ശ്രീമതി.എം.പ്രസന്ന (ഡി.എം.ഒ, ഐ.എസ്.എം, കണ്ണൂർ), (2) ശ്രീമതി.ത്രേസ്യാമ്മ ജോസഫ് (ഡി.എം.ഒ, ഐ.എസ്.എം, തൃശ്ശൂർ), (3) ശ്രീ.പി.വി.മധുസൂദനൻ (ഡി.എം.ഒ, ഐ.എസ്.എം, കണ്ണൂർ) എന്നിവരെ കെ.എസ്. & എസ്.എസ്.ആർ റൂൾ 28 പ്രകാരം 13210-22360 ശമ്പള സ്കെയിലിൽ യു.ഡി ടൈപ്പിസ്റ്റായി റേഷ്യോ പ്രൊമോഷൻ നൽകി ടി ജീവനക്കാർ ഇപ്പോൾ ജോലി

ചെയ്യുന്ന സ്ഥാപനങ്ങളിലെ എൽ.ഡി ടൈപ്പിസ്റ്റ് തസ്തിക യു.ഡി ടൈപ്പിസ്റ്റ് തസ്തികയാക്കി അപ്ഗ്രേഡ് ചെയ്ത് ടി സ്ഥാപനങ്ങളിൽ തന്നെ തുടരുവാൻ അനുവദിച്ച് ഉത്തരവാകുന്നു. ഇപ്രകാരം ഭാരതീയ ചികിത്സ വകുപ്പിലെ ടൈപ്പിസ്റ്റുമാരുടെ റേഷ്യോ (സെലക്ഷൻ ഗ്രേഡ്–7, യു.ഡി–7, എൽ.ഡി–8) പ്രൊമോഷൻ 1:1:1 ആയി നിജപ്പെടുത്തി നിലനിർത്തുന്നു.

മേൽ പറഞ്ഞിരിക്കുന്ന പ്രൊമോഷനുകൾക്ക് 01.04.2011 മുതൽ പ്രാബല്യ-മുണ്ടായിരിക്കുന്നതാണ്. ഫിക്സേഷന് അർഹതയുള്ള ജീവനക്കാർ ജി.ഒ(പി) നമ്പർ 85/2011/ഫിൻ തീയതി 26.02.2011-ലെ ഖണ്ഡിക 41 പ്രകാരമുള്ള ഓപ്ഷൻ ഒരു മാസത്തിനകം നൽകേണ്ടതാണ്.

ഒപ്പ്
ഡോ:അനിത ജേക്കബ്
ഭാരതീയ ചികിത്സ വകുപ്പ്

അംഗീകാരത്തോടെ

Sheela AK

സീനിയർ സൂപ്രണ്ട്

പകർപ്പ്:-

1. ബന്ധപ്പെട്ട ജീവനക്കാർക്ക്
2. ജില്ല മെഡിക്കൽ ഓഫീസർ (ഐ.എസ്.എം), കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, മലപ്പുറം, കണ്ണൂർ, തൃശ്ശൂർ.
3. സി.എ. റ്റു ഡയറക്ടർ
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. ജോയിന്റ് ഡയറക്ടർ-I & II
6. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
7. അക്കൗണ്ട്സ് ഓഫീസർ
8. ഫെയർ കോപ്പി സൂപ്രണ്ട്
9. എ1 സീറ്റ്
10. ഫയൽ/സ്റ്റോക്ക് ഫയൽ.

R.17.01.12